(ബി) ഭരണാനുമതിയുള്ള പണികൾക്ക് അധികതുക ആവശ്യമാണെങ്കിൽ സർക്കാരിന്റെ സാമ്പത്തികസ്ഥിതി അനുസരിച്ച് പരിഗണിക്കുന്നതാണ്.

(സി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ബഡ്ജറ്റിൽ അനുവദിച്ച് പണികൾ നടപ്പിലാക്കുന്നതിന് സാമ്പത്തിക സ്ഥിതി അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

29 (342) ട്രഷറികളുടെ കമ്പ്യൂട്ടർ വൽക്കരണം

<u>ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്</u> :

<u>ശ്രീ. പി.പി സുലൈമാൻ റാവുത്തർ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ ട്രഷറി നടപടികളിൽ എന്തൊക്കെ ഗുണകരമായ മാറ്റങ്ങൾ വന്നിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ എത്ര ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതിയുണ്ടെന്നും ആകെ എന്തു തുക ചെലവു വരുമെന്നും വെളിപ്പെടുത്താമോ;

(സി) ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണം നിമിത്തം ജീവനക്കാരുടെ എണ്ണത്തിൽ കുറവ് വരുമോ; എങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്ര കുറവുണ്ടാകുമെന്നും അധികം വരുന്ന ജീവനക്കാരെ എവിടെ നിയമിക്കും എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കമ്പ്യൂട്ടർവൽക്കരണംകൊണ്ട് ട്രഷറി ഇടപാടുകൾ എളുപ്പത്തിലും സുഗമമായും നടത്തുവാൻ കഴിയുന്നു. വരവ് ചെലവു കണക്കുകൾ കൃത്യമായി അതാതു ദിവസം തന്നെ കണക്കാക്കുവാനും കഴിയുന്നു.

(ബി) സംസ്ഥാനത്തെ മുഴുവൻ ട്രഷറികളും കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതിയുണ്ട്. ഇതിന് ഏകദേശം 18 കോടിയോളം രൂപ ചെലവാകുമെന്ന് കരുതുന്നു;

(സി) ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതുകൊണ്ട് ജീവനക്കാരുടെ എണ്ണത്തിൽ കുറവുവരാൻ സാധ്യതയില്ല.

30 (343) കുംബളയിൽ സബ് ട്രഷറി

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുംബളയിൽ സബ് ട്രഷറി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ഇതിനകം എന്ത് നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly